# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.908 03.12.2014-ൽ മറുപടിക്ക്**

## ജപ്പാൻ സഹായത്തോടെയുള്ള കുടിവെള്ള വിതരണ പദ്ധതികൾ

| ചോദ്യം<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ജപ്പാൻ സഹായത്തോടെയുള്ള കുടിവെള്ള വിതരണ പദ്ധതികളിൽ എത്ര പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട് ; | (എ) ജപ്പാൻ സഹായത്തോടെയുള്ള കുടിവെള്ള വിതരണ പദ്ധതികളിൽ ചേർത്തല പദ്ധതി പൂർണ്ണമായും തിരുവനന്തപുരം, മീനാട്, പട്ടുവം എന്നീ പദ്ധതികൾ ഭാഗികമായും കമ്മീഷൻ ചെയ്തിട്ടുണ്ട്. |
| ബി) ഈ പദ്ധതികൾക്കായി, ഏതൊക്കെ വലിപ്പത്തിലുള്ള എത്ര പൈപ്പുകൾ വാങ്ങിയിട്ടുണ്ടെന്നും അതിനുമൊത്തം എന്ത് തുക ചെലവായി എന്നും വ്യക്തമാക്കുമോ ; | (ബി) മേൽ പദ്ധതികളിൽ 75 എം.എം. മുതൽ 1850 എം.എം. വരെ വ്യാസമുള്ള വിവിധ തരം പൈപ്പുകൾ ഉപയോഗിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി നേരിട്ട് പൈപ്പുകൾ ഒന്നു വാങ്ങിയിട്ടില്ല. കരാറുകാർ തന്നെ അവരുടെ പ്രവൃത്തികൾക്കാവശ്യമായ പൈപ്പുകൾവാങ്ങി പണികൾ പൂർത്തിയാക്കുന്ന തരത്തിലാണ് കരാറുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ പൈപ്പുകൾ വാങ്ങുന്നതിന് മാത്രമായി ചെലവായ തുക ലഭ്യമല്ല. |
| (സി) ഈ പദ്ധതികൾക്കായി വാങ്ങിയതിൽ ഓരോ വലിപ്പത്തിലുള്ള എത്ര പൈപ്പുകൾ ഉപയോഗിച്ചിട്ടുണ്ട് ; ബാക്കി വന്നവ എത്രയെന്നും അവ എവിടെയൊക്കെ സൂക്ഷിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ; | (സി) ജൈക്ക സഹായത്തോടെ നടപ്പാക്കുന്ന തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നീ അഞ്ച് പദ്ധതികൾക്കും കൂടി ഏകദേശം 6000 കിമീ. പൈപ്പുകൾ ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ കമ്മീഷൻ ചെയ്ത ചേർത്തല പദ്ധതിയിൽ 75 എം.എം. മുതൽ 1219 എം.എം. വരെ വ്യാസമുള്ള 705 കിലോമീറ്ററോളം പൈപ്പുകൾ ഉപയോഗി |

ച്ചിട്ടുണ്ട്. ഉപയോഗിച്ച ശേഷം ബാക്കി വന്നതിൽ 18 കി.മീ. പൈപ്പുകൾ കരാറുകാർ വാട്ടർ അതോറിറ്റിക്ക് തിരികെ നൽകി. ബാക്കിയുള്ള പൈപ്പുകൾ കൂടി വാട്ടർ അതോറിറ്റി ഏറ്റെടുത്തുവരുന്നു. ഇപ്രകാരം ബാക്കി വരുന്ന പൈപ്പുകൾ ഭാവിയിലെ മെയിന്റനൻസ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാനുള്ളവയാണ്.

മറ്റ് പദ്ധതികളിൽ ഉപയോഗിച്ച പൈപ്പുകളുടെ വിശദാംശം പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്താൽ മാത്രമേ ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

ഏറ്റെടുത്ത പൈപ്പുകൾ വാട്ടർ അതോറിറ്റിയുടെ സ്ഥലങ്ങളിലാണ് സൂക്ഷിച്ചിരിക്കുന്നത്. ഏതാനും കരാറുകളിലെ പണികൾ ഇപ്പോഴും നടന്നു വരികയാണ്. പണികൾ പൂർത്തിയായാൽ മാത്രമേ ബാക്കി വരുന്ന പൈപ്പുകൾ എത്ര എന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

| | | | |
|---|---|---|---|
| (ഡി) | പാതയോരങ്ങളിൽ സൂക്ഷിച്ചിട്ടുള്ള പൈപ്പുകൾ ഗതാഗത തടസ്സവും മറ്റ് ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നതിനാൽ എത്രയും പെട്ടെന്ന് അവിടെ നിന്നും മാറ്റാൻ നിർ ദ്ദേശം നൽകുമോ? | (ഡി) | ജൈക്ക പദ്ധതിയുടെ ഭാഗമായി, പാതയോരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന പൈപ്പുകൾ ഗതാഗതതടസ്സം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽ പ്പെടുകയാണെങ്കിൽ എത്രയും വേഗം അവ മാറ്റുന്നതിന് നിർ ദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ